"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - വയനാട് ജില്ല ഡെപ്യൂട്ടി ഡയറക്ടർ കാര്യാലയത്തിലെ മുൻ ജൂനിയർ സൂപ്രണ്ട് ശ്രീ. ബോബൻ ചാക്കോ യ്ക്ക് എതിരെയുള്ള അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് മലപ്പുറം ജില്ല തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീ. വിമൽരാജ് കെ.കെ -യെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1501/2025/LSGD തീയതി,തിരുവനന്തപുരം, 18-06-2025

---

പരാമർശം:-

1. സ.ഉ.(സാധ)നം. 1237/2016/തസ്വഭവ തീയതി 11.03.2016
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21/01/2025 തീയതിയിലെ LSGD/PD/9785/2023-VIGE1 നമ്പർ നടപടി ക്രമം.
2. സർക്കാരിന്റെ 25/03/2025 ലെ ഇപിബി3/184/2024/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
3. ശ്രീ. ബോബൻ ചാക്കോ 29/04/2025 ൽ സമർപ്പിച്ച എതിർവാദവിവര പത്രിക.
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 11/06/2025 ലെ LSGD/PD/9785/2023-VIGE1 നമ്പർ അഭിപ്രായ റിപ്പോർട്ട്.

**ഉത്തരവ്**

വയനാട് ജില്ലയിലെ എടവക ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ. കെ.ജെ. ജോസഫിനെ കൈക്കൂലി കേസിൽ വിജിലൻസ് അറസ്റ്റ് ചെയ്യുകയും വിജിലൻസ് കോടതി മുഖേന രണ്ട് വർഷം കഠിന തടവും 5,000/- രൂപ പിഴശിക്ഷയ്ക്കും വിധിച്ചതിനെത്തുടർന്ന്, 24.06.2013 തീയതി പ്രാബല്യത്തിൽ ടിയാനെ സേവനത്തിൽ നിന്ന് സസ്പെന്റ് ചെയ്യുകയും തുടർന്ന് പരാമർശം (1) ഉത്തരവ് പ്രകാരം സസ്പെൻഷൻ തീയതി പ്രാബല്യത്തിൽ ടിയാളെ സേവനത്തിൽ നിന്ന് നീക്കം ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ, ടിയാൾക്ക് 2021 ആഗസ്റ്റ് മാസം വരെ ഉപജീവന ബത്ത അനുവദിച്ച് നൽകിയിരുന്നതിനാൽ ആയതിന് കാരണക്കാരായ ഗ്രാമപഞ്ചായത്തിലേയും വയനാട് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലേയും ജീവനക്കാർക്കെതിരെ KCS (CC&A) ചട്ടങ്ങൾ പ്രകാരം വകുപ്പുതലത്തിൽ അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

2. മേൽ ജീവനക്കാർക്കാർക്കെതിരെ നടപടി സ്വീകരിച്ചു വരവേ കുറ്റാരോപണ വിധേയനായ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ മുൻ ജൂനിയർ സൂപ്രണ്ട് ശ്രീ. ബോബൻ ചാക്കോ 29.02.2024-ൽ സേവനത്തിൽ നിന്ന് വിരമിച്ചതിനാൽ ടിയാൾക്കെതിരെ KSR Part III പ്രകാരം സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുന്നതിനായി പ്രിൻസിപ്പൽ ഡയറക്ടർ

പരാമർശം (2) പ്രകാരം ശുപാർശ ചെയ്തിരുന്നു.

3. ശ്രീ. ബോബൻ ചാക്കോയ്ക്കെതിരെയുള്ള കുറ്റം ടിയാൾ സേവനത്തിലിരുന്ന കാലയളവിലെ കൃത്യവിലോപമായതും ആയത് പ്രകാരം സാമ്പത്തിക നഷ്ടത്തിന് കാരണമാകുകയും ചെയ്തിട്ടുള്ളതിനാൽ ടിയാൾക്കെതിരെ **KSR Part III** ചട്ടം 3(a) പ്രകാരം 5 വർഷത്തേക്ക് 750/- രൂപ ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്ന് കുറവ് ചെയ്യുന്നതിന് തീരുമാനിച്ച് പരാമർശം (3) പ്രകാരം കാരണം കാണിക്കൽനോട്ടീസ് നൽകി സർക്കാർ തലത്തിൽ അച്ചടക്ക നടപടി ആരംഭിച്ചിരുന്നു.

4. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് ശ്രീ ബോബൻ ചാക്കോ പരാമർശം (4) പ്രകാരം സമർപ്പിച്ച മറുപടിയിൽ, വയനാട് ഡിഡിപി ഓഫീസിൽ 24.06.2016 ന് ജൂനിയർ സൂപ്രണ്ടായി സേവനം അനുഷ്ഠിച്ച് തുടങ്ങിയതിന് ശേഷം പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്ന് ശ്രീ.കെ.ജെ ജോസഫിനെ സേവനത്തിൽ നിന്നും നീക്കം ചെയ്ത ഉത്തരവ് ടിയാൻ കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീത് ആവശ്യപ്പെടുകയും ആയത് സമർപ്പിക്കുന്നതിന് അന്നത്തെ സെക്ഷൻ ക്ലർക്ക് സമർപ്പിച്ച കത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അംഗീകാരത്തിനായി ശുപാർശ ചെയ്യുക മാത്രമാണ് ചെയ്തിട്ടുള്ളത് എന്നും കൈപ്പറ്റ് രസീതിനുള്ള കത്തിൽ മറ്റ് യാതൊരു കാര്യവും പഞ്ചായത്ത് ഡയറക്ടർ പരാമർശിച്ചിരുന്നില്ല എന്നും കൂടാതെ ശ്രീ.കെ.ജെ.ജോസഫിനെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് കൊണ്ടുള്ള ഉത്തരവിൽ ഉത്തരവിന്റെ പകർപ്പ് ടിയാന് നൽകി കൈപ്പറ്റ് രശീത് ഹാജരാക്കണമെന്നല്ലാതെ തിരുനെല്ലി പഞ്ചായത്തടക്കം മറ്റാർക്കെങ്കിലും നൽകുന്നതിനോ മാർക്ക് ചെയ്യുകയോ രേഖപ്പെടുത്തുകയോ നിർദ്ദേശിക്കപ്പെടുകയോ ഉണ്ടായിരുന്നില്ല എന്നും 18.05.2024 തീയതിയിലെ മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിൽ ടിയാൻ കുറ്റക്കാരനാണെന്ന് പരാമർശിച്ചിട്ടില്ലാത്തതാണ് എന്നും വിശദീകരിച്ചിരിക്കുന്നു.

5. മേൽ മറുപടിയിലുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (5) റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

*ശ്രീ. കെ. ജെ. ജോസഫിനെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ സെക്ഷനിൽ നിന്നും "ശ്രീ.കെ.ജെ.ജോസഫിനെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് ലഭിച്ചിട്ടുണ്ട് അറിവിലേക്കായി" എന്ന കുറിപ്പോടുകൂടി ജൂനിയർ സൂപ്രണ്ടിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൻമേൽ 31-03-2016-ന് ജൂനിയർ സൂപ്രണ്ട് താഴെ പറയുന്ന കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. "ശ്രീ. കെ. ജെ. ജോസഫ് ഹൈക്കോടതിയിൽ നൽകിയ അപ്പീലിൽ വിജിലൻസ് കോടതി ശിക്ഷ മരവിപ്പിച്ചിട്ടുണ്ട്. എന്നാൽ റദ്ദാക്കിയിട്ടില്ല. ആയതിനാൽ തൽക്കാലം നടപടികൾ സ്വീകരിക്കേണ്ടതില്ല. എന്നാൽ ടിയാന് മേൽവിലാസം രേഖപ്പെടുത്തി നൽകിയിട്ടുള്ളത് ഗ്രാമപഞ്ചായത്തിലേക്കാണ്. ടിയാന്റെ വീട്ട് അഡ്രസിൽ പകർപ്പ് അയച്ചുകൊടുക്കാവുന്നതാണ്". ഇതിൻമേൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 01-04-2016-ന് "ശരി" എന്ന് രേഖപ്പെടുത്തി അംഗീകരിക്കുകയും തുടർന്ന് 05-04-2016-ലെ കത്ത് പ്രകാരം ശ്രീ. കെ. ജെ. ജോസഫിന് ഉത്തരവ് നൽകിയതായും കാണുന്നു. ശ്രീ. ബോബൻ ചാക്കോ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ജൂനിയർ സൂപ്രണ്ടന്റായി*

*ജോലിയിൽ പ്രവേശിക്കുന്നത് **24-06-2016** തീയതിയിലാണ്. ശ്രീ. കെ. ജെ. ജോസഫിനെ സേവനത്തിൽ നിന്നും നീക്കം ചെയ്ത ഉത്തരവ് ടിയാൻ നേരിട്ട് അയച്ചുനൽകിയതായി കാണാൻ സാധിച്ചിട്ടില്ല.*

*ശ്രീ. ബോബൻ ചാക്കോ ജോലിചെയ്ത കാലയളവിലാണ് ശ്രീ. കെ. ജെ. ജോസഫിനെ സേവനത്തിൽ നിന്നും നീക്കം ചെയ്ത ഉത്തരവ് ടിയാൻ കൈപ്പറ്റിയതിന്റെ രശീത് പഞ്ചായത്ത് ഡയറക്ടർ ഓഫീസിലേക്ക് **19-09-2016**-ന് അയച്ചു നൽകിയിട്ടുള്ളത്. പ്രസ്തുത ഉത്തരവിൽ എടവക ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന ശ്രീ. കെ. ജെ. ജോസഫിന് നൽകുന്നതിനാണ് നിർദ്ദേശിച്ചത്. തിരുനെല്ലി ഗ്രാമ പഞ്ചായത്തിലേക്ക് കോപ്പി മാർക്ക് ചെയ്തിട്ടില്ല. എങ്കിലും ശ്രീ. കെ. ജെ. ജോസഫ്-നെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുക എന്നത് അതീവ ഗൗരവമുള്ള വിഷയമായതിനാൽ ടിയാൻ സേവനം ചെയ്തിരുന്ന എല്ലാ ഓഫീസിലേക്കും ഈ വിവരം അറിയിക്കേണ്ട ബാധ്യതയും, ശ്രീ. കെ. ജെ. ജോസഫിന് ഉപജീവനബത്ത നൽകുന്ന തിരുനെല്ലി പഞ്ചായത്തിലേക്ക് അറിവിനും നടപടികൾക്കുമായി അയച്ചുനൽകിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ട ഉത്തവാദിത്തവും ഫയൽ കൈകാര്യം ചെയ്ത എല്ലാ ജീവനക്കാർക്കുമുണ്ട്. ഒരു ജീവനക്കാരനെ സേവനത്തിൽ നിന്നും നീക്കം ചെയ്തുകൊണ്ടുള്ള സർക്കാർ ഉത്തരവിൽ യഥാസമയം ആവശ്യമായ നടപടികൾ സ്വീകരിക്കാതെ കാലതാമസം വരുത്തിയതിനാൽ സർക്കാറിനുണ്ടായ നഷ്ടത്തിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലെ ഇതുമായി ബന്ധപ്പെട്ട ഫയൽ യഥാവിധി കൈകാര്യം ചെയ്യാത്ത എല്ലാ ബന്ധപ്പെട്ട ജീവനക്കാരും ഉത്തരവാദികളാണ്. ശ്രീ. ബോബൻ ചാക്കോ **29-02-2024**-ൽ സേവനത്തിൽ നിന്ന് വിരമിച്ചതിനാലും, ടിയാന് പെൻഷൻ ആനുകൂല്യങ്ങൾ നാളിതുവരെ ലഭിക്കാത്തതിനാലും, ടിയാനെതിരെ കെ.എസ്.ആർ പാർട്ട് 1 ചട്ടം 3 പ്രകാരം നടപടി സ്വീകരിച്ച് അച്ചടക്കനടപടി തീർപ്പാക്കാവുന്നതാണ് എന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുകയുണ്ടായി.*

**6.** മേൽ സാഹചര്യത്തിൽ, **KSR Part III** ചട്ടം 3(a) പ്രകാരം അച്ചടക്ക നടപടി ആരംഭിച്ചതിനാലും ടിയാനെതിരെയുള്ള ആരോപണങ്ങൾ നിലനിൽക്കുന്നതായുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായ റിപ്പോർട്ടിന്റെ അടിസിഥാനത്തിലും, ഈ വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് വയനാട് ജില്ലാ ജോയിന്റ് ഡയറക്ടർ ശ്രീ. വിമൽരാജ് കെ.കെ -യെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. **അന്വേഷണ റിപ്പോർട്ട് 5 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.**

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, വയനാട്. *(പരാമർശം (1) മുതൽ (5) വരെയുള്ളവയുടെ പകർപ്പുകൾ സഹിതം).*
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. ശ്രീ. ബോബൻ ചാക്കോ, മുൻ ജൂനിയർ സൂപ്രണ്ട് (റിട്ട.), ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, വയനാട്. *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ,*

*തിരുവനന്തപുരം മുഖേന).*

4. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി3/184/2024/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

**Signed by Riju M Das**
**Date: 18-06-2025 17:07:32**

സെക്ഷൻ ഓഫീസർ